# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 4868 — 27.06.2014 -ൽ മറുപടി നൽകേണ്ടത്

### കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി | |
| (എ) | ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പരിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ; | (എ) | ഉണ്ട്. |
| (ബി) | മൂന്ന് സെന്റോ അതിൽ കുറവോ മാത്രം സ്ഥലം പഞ്ചായത്ത് പ്രദേശങ്ങളിൽ സ്വന്തമായുള്ളവർക്ക് വീടു വയ്ക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ നൽകിയിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | എന്തെല്ലാം ഇളവുകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) | മൂന്ന് സെന്റോ (125 ചതുരശ്ര മീറ്റർ), അതിൽ കുറവോ മാത്രം പ്ലോട്ട് ഏരിയ ഉള്ള പക്ഷം, അത്തരം ഭൂമിയിൽ വീട് വയ്ക്കുന്നതിനുള്ള ലഘൂകൃത വ്യവസ്ഥകൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം VIII - ൽ പ്രതിപാദിക്കുന്നു. ചട്ടം 65-ലെ വ്യവസ്ഥകൾ അനുസരിച്ച് തറ വിസ്തീർണ്ണ അനുപാതം (FAR), കവറേജ്, റോഡിന്റെ കേന്ദ്ര രേഖയിൽ നിന്നുള്ള അകലം, പ്രവേശന മാർഗ്ഗവീതി, റോഡിന്റെ വീതിയും റോഡിനോട് ചേർന്നുള്ള പറമ്പിന്റേയും കാര്യത്തിലുള്ള പൊക്ക നിയന്ത്രണം, കാർപാർക്കിംഗ്, കെട്ടിട ഭാഗങ്ങളുടെയും വെളിച്ചത്തിന്റെയും വെന്റിലേഷന്റേയും അളവുകൾ എന്നിവ സംബന്ധിക്കുന്ന വ്യവസ്ഥകൾ ഇത്തരം കെട്ടിടങ്ങൾക്ക് ബാധകമാകുന്നതല്ല. |

| | | | |
|---|---|---|---|
| (ഡി) | ഇപ്രകാരം വീട് നിർമ്മിക്കുന്നതിന് അപേക്ഷിക്കേണ്ടി വരുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടതെന്നു പറയാമോ ; | (ഡി) | കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം VIII പ്രകാരം ചെറിയ പ്ലോട്ടുകളിൽ വീട് നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾക്ക് മറ്റ് സാധാരണ അപേക്ഷകൾക്കു ബാധകമായ നടപടിക്രമങ്ങൾ തന്നെയാണ് സ്വീകരിക്കേണ്ടത്. പെർമിറ്റിനായുള്ള പൂരിപ്പിച്ച സാക്ഷ്യപ്പെടുത്തലുകളോടു കൂടിയ അപേക്ഷയും, ഒപ്പം പ്രധാനമായും ഡ്രോയിംഗുകളും, ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകളും, ലൈസൻസിയുടെ രജിസ്ട്രേഷൻ രേഖയുടെ പകർപ്പും ചേർത്ത്, അപേക്ഷാ ഫീസ് അടച്ചുമാണ് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടത്<br><br>എന്നാൽ, പ്ലോട്ടിന്റെ വിസ്തൃതി പരിഗണിക്കാതെ തന്നെ കാറ്റഗറി II പഞ്ചായത്തുകളിൽ 100 ചതുരശ്ര മീറ്റർ വരെ കെട്ടിട വിസ്തൃതിയുള്ള രണ്ടു നിലകൾ വരെയുള്ള വീടുകൾക്ക് ചില വ്യവസ്ഥകൾ പാലിക്കുന്ന പക്ഷം പെർമിറ്റുകൾ ആവശ്യമില്ലായെന്ന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XXI- ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (ഇ) | മൂന്ന് സെന്റിൽ താഴെ ഭൂമി സ്വന്തമായുള്ളവരും സ്വന്തമായി താമസിക്കാൻ വീടില്ലാത്തവരുമായ അപേക്ഷകർ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ ഏതെങ്കിലും കാരണത്താൽ നിരാകരിക്കപ്പെടുന്നുണ്ടോ ; എങ്കിൽ കാരണം വിശദമാക്കുമോ ? | (ഇ) | ഉണ്ട്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (അദ്ധ്യായം VIII) പ്രകാരം ചെറിയ പ്ലോട്ടുകളിലെ കെട്ടിടങ്ങൾക്ക് പാലിക്കേണ്ട നിബന്ധനകൾ അനുസരിച്ച് ചട്ടം 63, 64 ലെ വ്യവസ്ഥകൾ പാലിക്കാതെയുള്ള കെട്ടിട നിർമ്മാണ അപേക്ഷകൾ ഗ്രാമപഞ്ചായത്തുകൾക്ക് നിരാകരിക്കാവുന്നതാണ്. |

Vajeem

സെക്ഷൻ ഓഫീസർ